11

# പ്രവാസകാലം

## യെരുശലേമിന്റെ വീഴ്ച മുതൽ സെരൂബാബേ ലിന്റെ കീഴിൽ മടങ്ങിവരുന്നതുവരെ

## ബി.സി. 586- 536

**ആമുഖം – അവലോകനവും സംഗ്രഹവും.** – ഇതുവരെയും നാം മനുഷ്യന്റെ ചരിത്രം, പാപം, വീടെുപ്പിന്റെ ആദ്യ ഘട്ടങ്ങൾ എന്നിവയാണ് കത്. ആയിരത്തിയഞ്ഞൂറു വർഷക്കാലത്തെ തിരഞ്ഞെടുത്ത ജനത്തിന്റെ ഭാവിയെയും, അബ്രഹാമിന്റെ വിളി മുതൽ തുടർന്ന് പിൻവരുന്ന കാലങ്ങളായ: പിതാക്കന്മാരുടേതും, അടിമത്വം, അലഞ്ഞുതിരിയൽ, കീഴടക്കൽ, ന്യായാധിപന്മാർ, ഏകീകൃതരാജ്യം, ഇരട്ട രാജ്യം, യെഹൂദാ തനിയെയും. പിന്നെ, ദാവീദിന്റെയും ശലോമോന്റെയും കാലത്തെ മഹത്വകരമായ, ദേശീയ ജീവിതം, പിന്നീടുവന്ന വിഭജനവും അച്ചടക്കവും ആണ് നാം കത്.

ഉത്തരരാജ്യം രാഷ്ട്രീയ ഇരുട്ടിലേക്കും ആത്മീയ അന്ധതയിലേക്കും താഴ്ന്നുപോയി. യെഹൂദാ, അനുയോജ്യമായ നൂറ്റിനാല്പതുവർഷക്കാലജീവിതത്തിനുശേഷം, പിരിയുകയും, യെരുശലേം നാശത്തിലാകുകയും, രാജാവിനെയും ജനങ്ങളെയും ബാബേലിലേക്ക് കൊുപോയി, എഴുന്നൂറു മൈൽ ദൂരെ, നിസ്സഹായമായ അടിമത്വത്തിൽ ആക്കി. എവിടെയും മൃഗീയതയും, നിറഞ്ഞ അന്ധവിശ്വാസവും വിഗ്രഹാരാധനയും ആയിരുന്നു. മാനുഷികമായ എല്ലാ കാഴ്ച്ചപാടിലും, മനുഷ്യരെ വീടെുക്കുന്നതു പരാജയമായി അനുഭവപ്പെട്ടു; ദൈവപരിജ്ഞാനം എന്നേക്കുമായി നഷ്ടമായി. എന്നാൽ അതൊരു പരീക്ഷണമായിരുന്നില്ല. ഇരു രാത്രിയിൽ നിന്ന് അവർ പ്രകാശമുള്ള പ്രത്യാശയിലേക്ക് എഴുന്നേറ്റു. അത് ഉത്തരരാജ്യത്തിന്റെ വീഴ്ച്ചക്കുശേഷമായിരുന്നു, യെഹൂദയുടെ പ്രവാസത്തിനും താഴ്ച്ചക്കും മദ്ധ്യേ പ്രവാചകന്മാരായ മീഖാ അശയ്യാവ് യിരെമ്യാവു ദാനിയേൽ സഖര്യാവു എന്നിവർ, അവരുടെ ഔന്നത്യത്തെയും വരുവാനിരിക്കുന്ന ക്രിസ്തുവിന്റെ ലോകവ്യാപകമായ ആത്മീയ വാഴ്ച്ചയെയും പ്രവചിച്ചിരുന്നു. എബ്രായരിൽ ദൈവികഭരണം മങ്ങിയ സാഹചര്യത്തിലാണ് അത് ആരംഭിക്കുന്നത് ആത്മീയ രാജ്യം ഫലവത്തായി നിർവ്വഹിക്കുന്നത് തികച്ചും അസാധ്യമെന്ന് തോന്നിച്ചിരുന്നു. പുഷ്പങ്ങൾ വിടരുന്നതുവരെ, മുൾച്ചെടി നിലനിൽക്കണം. അതുകൊു, ചിതറിപ്പോയി, പ്രവാസത്തിലായ, യെഹൂദക്ക്, മടങ്ങിവരവും ദേശീയ ജീവിതത്തിന്റെ പുതുക്കവും ആവശ്യമായിരുന്നു.

യെശയ്യാവു മീഖാ ഹുൽദാ, യിരെമ്യാവു,[1] എന്നീ പ്രവാചകന്മാർ അവരുടെ പ്രവാസത്തെ കുറിച്ചു ആവർത്തിച്ചു പ്രവചിച്ചിരുന്നു. ആ പ്രവചനങ്ങൾ അറിയാതെ തന്നെ നെബൂഖദ്നേസർ യെരുശലേം വിജയകരമായി പിടിക്കുകയും യെഹൂദജനത്തെ നാടുകടത്തുകയും ചെയ്തപ്പോൾ നിറവേറി.

1. **യിരെമ്യാവും മിസ്രയീം പ്രവാസവും** (2 രാജാക്കന്മാർ 25:22–26; യിരെ.

40–44). – യെരുശലേം നശിപ്പിച്ചതിനുശേഷം, വിരളമായി ശേഷിച്ചവരെ മുന്തിരിക്കൃഷിക്കും മുന്തിരിവള്ളി പാകപ്പെടുത്തുന്നതിനും ആക്കിവെച്ചു. യിരെമ്യാവു ബാബേലിൽ സുരക്ഷിതനായിരുന്നില്ല, ദേശത്തെ ശൂന്യമാക്കുന്നതു വൈകിയതുകൊു അവൻ ഏകാന്തത ഇഷ്ടപ്പെട്ടു. എന്നാൽ ശേഷിച്ചവർ തമ്മിൽ കലഹിക്കുവാൻ തുടങ്ങി. അവരുടെ നാടുവാഴി ആയിരുന്ന, ഗദല്യാവു, ഇസ്മായേലിന്റെ കീഴിൽ ഒരു കൂട്ടം യെഹൂദ ഗൂഢാലോചനക്കാരാൽ കൊല്ലപ്പെട്ടു. ശേഷിച്ചവർ, നെബൂഖദ്നേസറിന്റെ പ്രതികാരത്തെ ഭയന്നു, യോനാഥാന്റെ നേതൃത്വത്തിൽ, മിസ്രയീമിലേക്ക് ഓടിപ്പോയി. മിസ്രയീമിലേക്ക് കുടിയേറിപ്പാർക്കുന്നതിനെ യിരെമ്യാവു താല്പര്യപൂർവ്വം തടഞ്ഞു, എന്നാൽ അവരുടെ പ്രിയപ്പെട്ട ദേശം വിട്ടുപോകുവാൻ അവർ നിർബ്ബന്ധിതരായി, അങ്ങനെ അവൻ അവരോടൊപ്പം മിസ്രയീം പ്രവാസത്തിലേക്കു പോയി. അവിടെ, താപ്പനസ് ടൗണിന്റെ മുൻപിൽ വെച്ച്, ആ വലിയ പ്രവാചകൻ തന്റെ അവസാന പ്രവചനം എഴുതി. ഒരു ആരംഭ ക്രിസ്തീയ പാരമ്പര്യമനുസരിച്ച്, അവന്റെ തന്നെ സഹപ്രവാസികളുടെ കയ്യാൽ അവൻ രക്തസാക്ഷിയായി തീർന്നു; യെഹൂദ പാരമ്പര്യമനുസരിച്ച് അവൻ മിസ്രയീമിലേക്ക് രക്ഷപ്പെടുകയും, അവിടെ നിന്നു ബാബേലിലേക്ക് പോകുകയും ചെയ്തു. എന്നാൽ ഇതിൽ, മറ്റു പല സംഭവങ്ങളിലേതുപോലെ, യെശയ്യാവു യെഹസ്ക്കേൽ ദാനീയേൽ പത്രൊസ് പൗലൊസ് യോഹന്നാൻ, എന്നിവരെ പോലെ, അവന്റെ എഴുത്തുകളും, സമ്പന്നമായി തിരുവെഴുത്തിൽ ഉള്ളത്, അവന്റെ ജീവിതാവസാനംവരെ നിശബ്ദമായിരുന്നു. മിസ്രയീം പ്രവാസത്തിൽ നിന്ന് ഒരു തിരിച്ചുവരവുായതായി വിവരിക്കുന്നില്ല.

**2. ദാനീയേലും ഒന്നാം ബാബേൽ പ്രവാസവും** (2 രാജാക്കന്മാർ 24:1; 2 ദിന. 36:5–8; ദാനി. 1–12). – യെഹൂദ്യയെ നെബൂഖദ്നേസർ മൂന്നുപ്രാവശ്യം ആക്രമിച്ചതായി നാം കു കഴിഞ്ഞു. ആദ്യം (ബി.സി. 606) നാല് രാജകീയ ബാലന്മാരെ പിടിച്ചുകൊുപോയി: ദാനിയേൽ, ശേദ്രക്, മേശക് അബേദ്നെഗോ. അവർ രാജധാനിയിൽ ആദരണീയമായി വിദ്യാഭ്യാസം ചെയ്യപ്പെട്ടു, എന്നാൽ ബാബേൽ ആഡംബരത്തിൽ നിന്നും ബാബേൽ വിഗ്രഹാരാധനയിൽ നിന്നും ആരംഭത്തിൽ വേർപെട്ട് ഉത്തമന്മാരായി നിന്നു.

*a. നെബൂഖദ്നേസറിന്റെ സ്വപ്നം.* – ദാനിയേൽ ആദ്യം ശ്രദ്ധിക്കപ്പെടുന്നതു നെബൂഖദ്നേസർ സ്വപ്നത്തിൽ കതായ ഒരു ബിംബം, അതിന്റെ തല സ്വർണ്ണവും, നെഞ്ച് വെള്ളിയും തുട താമ്രവും കാലുകൾ ഇരുമ്പും കൊുള്ളതിനെ കുറിച്ചു വ്യാഖ്യാനിച്ചതുകൊാണ്. ദാനിയേൽ അത് വിവരിച്ചതു, തല നെബൂഖദ് നേസറിനെയും ബാബേൽ സാമ്രാജ്യത്തെയും പ്രതിനിധാനം ചെയ്യുന്നതായി; മറ്റു ഭാഗങ്ങൾ, അതിനുശേഷം വരുന്ന സാമ്രാജ്യങ്ങളെയും ആണ് എന്ന് അവൻ വ്യാഖ്യാനിച്ചുകൊടുത്തു.

*b. തീയിൽ മൂന്നുപേർ.* – അവന്റെ സ്വപ്നശേഷം, നെബൂഖദ്നേ സർ അഹങ്കാരം കൊു നിഗളിക്കുകയുായി. അവൻ ഒരു വലിയ ബിംബം ഉാക്കുകയും, അതിനെ ആരാധിക്കുവാൻ എല്ലാവരോടും ആവശ്യപ്പെടുകയും ചെയ്തു. ശേദ്രക്കും മേശക്കും അബേദ്-നേഗോ എന്നിവർക്ക്, അതിനെ നിഷേധിക്കുവാൻ ധൈര്യവും, ബോധ്യവും ഉായിരുന്നു. പിഴയായി, അവരെ തീച്ചൂളയിലേക്ക് എറിയപ്പെട്ടു, എന്നാൽ അത്ഭുതകരമായി അവരെ ദൈവം സൂക്ഷിച്ചു.

*c. ദാനിയേലിന്റെ സ്വപ്നങ്ങൾ.* – പിറന്നുവരുന്ന ലോക-സാമ്രാജ്യങ്ങളെ

കുറിച്ചു ദാനിയേൽ വിവിധ സ്വപ്നങ്ങൾ കാണുകയുായി: ബാബേൽ, പാർസി, മക്കെദോന്യ, റോമാ പിന്നെ ഭൂമി മുഴുവൻ നിറഞ്ഞു എന്നേക്കും നിലനിൽക്കുന്നതായ ഒരു രാജ്യം, ദൈവം സ്ഥാപിക്കുമെന്നും കു.

*d. ദാനിയേൽ സിംഹങ്ങളുടെ കൂട്ടിൽ.* – പാർസി ശക്തിയായി എഴുന്നേൽക്കുന്നതിനു മുൻപു ബാബേൽ വീണുപോകുന്നതു കുകൊാണ് ദാനിയേൽ ജീവിച്ചത്. പാർസി രാജ്യസേവകന്മാർക്കിടയിൽ അവന്റെ അപ്രമേയമായ കഴിവുകൾ അസൂയ ഉളവാക്കുകയും, അവന്റെ വിശ്വാസവും ദിനംപ്രതിയുള്ള പ്രാർത്ഥനയും അവനെ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുക്കയും, എന്നാൽ ദൈവ കരുണയാൽ അവൻ സംരക്ഷിക്കപ്പെടുകയും ചെയ്തു.

**3. യെഹെസ്ക്കേലും രാം ബാബേൽ പ്രവാസവും** (2 രാജാക്കന്മാർ 24:8–16; 2 ദിന. 36:9, 10; എഹെ. 1:1, 2) – ഈ രാമത്തെ ആക്രമണത്തിൽ (ഏതാ് ബി.സി. 597), നെബൂഖദ്നേസർ പതിനായിരം പേരെ പ്രവാസികളായി കൊുപോയി, അതിൽ പ്രവാചകനായിരുന്ന യെഹെസ്ക്കേലും ഉൾപ്പെട്ടിരുന്നു. അവർ കേബാബ് നദിയുടെ തീരത്താണ് താമസിച്ചത്, അത് മുന്നൂറു മൈൽ ബാബിലോണിനു മുകളിലുള്ള എഫ്രാത്തിലേക്കു നീളുന്നതായിരുന്നു. അവർക്കിടയിൽ നിന്നു കള്ളപ്രവാചകന്മാർ എഴുന്നേറ്റു, വേഗത്തിൽ മടങ്ങി പോകുമെന്ന് വാഗ്ദാനം ചെയ്തു. യെരുശലേമിൽ നിന്നുയിരെമ്യാവു അവർക്ക് ഒരു കത്തെഴുതി പറഞ്ഞു, പ്രവാസകാലം എഴുപതുവർഷത്തോളം നീുപോകും (ആദ്യത്തെ ബി.സി. 606-ലെ, നാടുകടത്തൽ മുതൽ എണ്ണിയാൽ), കൂടാതെ അവരോടുവീടുകൾ പണിയുവാനും തോട്ടങ്ങൾ നട്ടുപിടിപ്പിക്കുവാനും പറഞ്ഞിരുന്നു (യിരെ. 29). അവന്റെ പുസ്തകത്തിന്റെ മുഖ്യഭാഗവും രൂപപ്പെടുത്തുന്ന ദർശനങ്ങൾ യെഹെസ്കേൽ എഴുതിയത് കേബാ നദീതീരത്തുവെച്ചായിരുന്നു; ആ കാലത്താണ് സങ്കീർത്തനങ്ങൾ 137, "ബാബേൽ നദികൾ," എന്നത് എഴുതി തുടങ്ങിയത്.

---

കുറിപ്പു

[1]നോക്കുക 2 രാജാക്കന്മാർ 20:17; 21:10–15; 22:14–17; യിരെ. 25:9–11; 34:2, 3; മീഖാ. 3:8–12.